ഉത്തരം

(എ&ബി) കടകംപള്ളിയിലേയും ഇടപ്പള്ളി പത്തടിപ്പാലത്തേയും ഭൂമി തട്ടിപ്പ് കേസ്സുകളിൽ കോടികളുടെ ഇടപാട് നടന്നതായി ആരോപണം ഉണ്ടായിരുന്നു. ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരവെയാണ് സി.ബി.ഐ. അന്വേഷണത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടത്.

(സി) മുഖ്യമന്ത്രിയുടെ ഗൺമാൻ ആയിരുന്ന സലീം രാജിന് ഭൂമി തട്ടിപ്പ് കേസ്സുകളുമായി ബന്ധമുള്ളതായി ആരോപണം ഉയർന്നിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധിന്യായത്തിൽ 130-ാം പേജിലെ രണ്ട് വാചകങ്ങളിലാണ് മുഖ്യമന്ത്രിയേയും ഓഫീസിനെയും സംബന്ധിച്ചുള്ള വിമർശനം ഉള്ളത്. പ്രസ്തുത പരാമർശം ചുവടെ ചേർത്തിരിക്കുന്നു.

"The above incidents have raised serious questions on the functioning of the Chief Minister's Office which the Chief Minister is answerable to the State. Prima facie evidence of the persence of unscrupulous elements among the personal staff in the Chief Minister's Office and the associated criminal activities in these cases call for the thorough and independent investigation into the crime and the associated activities involving personal staff in the Chief Minister's Office."

(ഡി) കേസ്സുകളിൽ സി.ബി.ഐ. അന്വേഷണം അവസാനഘട്ടത്തിലാണ്.

ഭൂമി തട്ടിപ്പ് കേസ്സുകളുടെ അന്വേഷണം

246 (3068) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടകംപള്ളിയിലേയും ഇടപ്പള്ളി പത്തടിപ്പാലത്തേയും ഭൂമി തട്ടിപ്പ് കേസ്സുകളുടെ അന്വേഷണം സി.ബി.ഐ. ഏറ്റെടുത്തത് കോടതി ഉത്തരവിനെ തുടർന്നായിരുന്നുവോ ;

(ബി) വിധിയിൽ മുഖ്യമന്ത്രിയേയും ഓഫീസിനേയും കുറിച്ച് നടത്തിയ വിമർശനങ്ങൾ എന്തായിരുന്നു ; വിധിപകർപ്പ് ഉദ്ധരിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിമർശനങ്ങൾ സ്റ്റേ ചെയ്യാൻ സർക്കാർ ഡിവിഷൻ ബഞ്ചിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) അതെ.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധിന്യായത്തിൽ 130-ാം പേജിലെ രണ്ട് വാചകങ്ങളിലാണ് മുഖ്യമന്ത്രിയേയും ഓഫീസിനെയും സംബന്ധിച്ചുള്ള വിമർശനം ഉള്ളത്. പ്രസ്തുത പരാമർശം ചുവടെ ചേർത്തിരിക്കുന്നു :

"The above incidents have raised serious questions on the functioning of the Chief Minister's Office which the Chief Minister is answerable to the State. Prima facie evidence of the persence of unscrupulous elements among the personal staff in the Chief Minister's Office and the associated criminal activities in these cases call for the thorough and independent investigation into the crime and the associated activities involving personal staff in the Chief Minister's Office."

(സി) ഹൈക്കോടതി വിധി പൂർണ്ണമായും സ്റ്റേ ചെയ്യാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടില്ല. ഹൈക്കോടതി ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്ത രണ്ട് വാചകങ്ങൾ ചുവടെ ചേർക്കുന്നു :

"The above incidents have raised serious questions on the functioning of the Chief Minister's Office which the Chief Minister is answerable to the State. Prima facie evidence of the persence of unscrupulous elements among the personal staff in the Chief Minister's Office and the associated criminal activities in these cases call for the thorough and independent investigation into the crime and the associated activities involving personal staff in the Chief Minister's Office."

മുൻ എം.പി. ശ്രീ. കെ. സുധാകരന്റെ പേരിലുണ്ടായിരുന്ന വിജിലൻസ് കേസ്

247 (3069) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ എം. പി. ശ്രീ. കെ. സുധാകരന്റെ പേരിലുണ്ടായിരുന്ന ഏതെങ്കിലും വിജിലൻസ് കേസ് പിൻവലിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly